## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : *707 — 16/07/2012-ൽ മറുപടിയ്ക്ക്

### നിർദ്ദിഷ്ട വാഗൺ ഫാക്ടറിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>ഡോ: ടി. എം. തോമസ് ഐസക്<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. എ. എം. ആരിഫ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യുവും കയറും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വാഗൺ ഫാക്ടറിക്ക് എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്; എത്ര ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | (എ) കേരളത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വാഗൺ ഫാക്ടറിക്ക് ചേർത്തല തെക്ക് വില്ലേജിൽ തിരുവിഴ റെയിൽവെ ട്രാക്കിനു പടിഞ്ഞാറു ഭാഗത്തുള്ള 50.80 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. |
| (ബി) പ്രസ്തുത സ്ഥലത്ത് സർക്കാർ ഉടമസ്ഥതയിൽ ഭൂമി ലഭ്യമായിരിക്കുമ്പോൾ പുതുതായി ഭൂമി ഏറ്റെടുക്കാൻ ഇടയായതെന്തുകൊണ്ടെന്ന് വിശദമാക്കുമോ ; | (ബി) പ്രസ്തുത പ്രദേശത്ത് ഓട്ടോ കാസ്റ്റ്, സിൽക്ക് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകളാരാഞ്ഞിരുന്നുവെങ്കിലും പരമാവധി 40 ഏക്കർ ഭൂമി മാത്രമേ ലഭ്യമാവുകയുള്ളൂ. റെയിൽവേയും സിൽക്കും ഓട്ടോകാസ്റ്റും ചേർന്ന് വാഗൺ നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചെങ്കിലും റെയിൽവെയുടെ ഭാഗത്തു നിന്ന് അനുകൂലമായ പ്രതികരണമൊന്നും ഉണ്ടായിട്ടില്ല. തുടർന്നാണ് സ്വകാര്യ ഭൂമി ഏറ്റെടുക്കാനുള്ള നിർദ്ദേശമുണ്ടായത്. |

| | | | |
|---|---|---|---|
| (സി) | ഏറ്റെടുക്കുന്ന ഈ ഭൂമി സ്വകാര്യ കമ്പനിക്ക് വേണ്ടിയാണോ എന്നും ഇതിന് തദ്ദേശവാസികളുടെ എതിർപ്പുണ്ടോയെന്നും വ്യക്തമാക്കുമോ ; | (സി) | സ്വകാര്യ കമ്പനിക്കുവേണ്ടിയല്ല ഭൂമി ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നത്. നെൽവയൽ നികത്തുന്നതിനെതിരെ കർഷക സംഘടനയുടെ പേരിൽ എതിർപ്പ് നിലവിലുണ്ട്. |
| (ഡി) | ഫാക്ടറി സ്ഥാപനം ഈ ഭൂപ്രദേശത്തെ പാരിസ്ഥിതികമായി ദോഷം ചെയ്യുന്നതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ? | (ഡി) | പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.